**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്താലുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്നതായ സാഹചര്യം പഠനവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം വർദ്ധിച്ചു വരുന്ന സാഹചര്യം പഠന വിധേയമാക്കുന്നുണ്ട്. |
| (ബി) | വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് നിരീക്ഷിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | നിശ്ചിത ഇടവേളകളിൽ വന്യജീവി സെൻസസ് നടത്തി വരുന്നുണ്ട്. വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നില്ല. വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് തടയുന്നതിനായി ഇതുവരെ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. |
| (സി) | വർദ്ധിച്ചുവരുന്ന വന്യജീവികൾക്ക് കാട്ടിനുള്ളിൽ ആവശ്യമായ ഭക്ഷണം ലഭിക്കാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി ഭക്ഷണ ലഭ്യതയും ജലലഭ്യതയും ഉറപ്പുവരുത്തുന്ന നടപടികളുടെ ഭാഗമായി വനത്തിനകത്ത് കുളങ്ങളുടെ നിർമ്മാണം, ചെക്കുഡാമുകളുടെ നിർമ്മാണം, ആയവയുടെ അറ്റകുറ്റപണികൾ, സ്വാഭാവിക വന പുന:സ്ഥാപന പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നുണ്ട്. |
| (ഡി) | മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന മൃഗങ്ങളിൽ നിന്ന് നേരിടുന്ന ആക്രമണം തടയാൻ 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുവാൻ കേന്ദ്ര വനം മന്ത്രാലയത്തോട് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി നിർദ്ദേശം സമർപ്പിക്കേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ